## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1485** | **06/03/2017-ൽ മറുപടിയ്ക്ക്**

## നാളികേര വികസന കോർപ്പറേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് നാളികേര വികസന കോർപ്പറേഷന്റെ എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഏതെല്ലാമെന്നും എത്രയെണ്ണം അടഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കുമോ ; | എ) | കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ 2014-ൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ ആരംഭിച്ചതിനെ തുടർന്ന് കോഴിക്കോട് ജില്ലയിലെ എലത്തൂരിൽ പ്രതിദിനം 300 ലിറ്റർ ഉൽപ്പാദന ശേഷിയുള്ള നീരാ പ്ലാന്റും, തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മാമത്തുള്ള നാളികേര കോംപ്ലക്സിൽ പ്രതിദിനം 1160 ലിറ്റർ ഉല്പാദനശേഷിയുള്ള വിർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ രണ്ടു പ്ലാന്റുകളും അടഞ്ഞ് കിടക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഈ പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ളത് ഗുണനിലവാര-മില്ലാത്ത യന്ത്രസാമഗ്രികളാണ്. ട്രയൽറൺ നടത്തിയപ്പോൾ തന്നെ യന്ത്രതകരാറു മൂലം പ്രവർത്തനം നിലച്ചുപോവുകയാണുണ്ടായത്. ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | കോട്ടയ്ക്കൽ കേന്ദ്രമാക്കി ഒരു നാളികേര സംഭരണ സ്ഥാപനം തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ കൃഷി വകുപ്പിൽ ഉണ്ടോ; വിശദമാക്കുമോ ; | ബി) | കോട്ടയ്ക്കൽ കേന്ദ്രമാക്കി നാളികേര സംഭരണ സ്ഥാപനം തുടങ്ങുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല |

(contd...............2)

| | | | |
|---|---|---|---|
| സി) | മലപ്പുറം ജില്ലയിൽ നാളികേര വികസന കോർപ്പറേഷന്റെ ഏതെങ്കിലും ഫാക്ടറികൾ നിലവിലുണ്ടോ ; വിശദമാക്കമോ ; | സി) | ഇല്ല. |
| ഡി) | പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | ഡി) | നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) | ആകെ എത്ര കോടിയുടെ ആസ്തിയാണ് നാളികേര വികസന കോർപ്പറേഷനുള്ളത് ; വ്യക്തമാക്കുമോ ? | ഇ) | നാളികേര വികസന കോർപ്പറേഷൻ ലഭ്യമാക്കിയ വിവരമനുസരിച്ച് നിലവിൽ കമ്പനിയുടെ ആസ്തി 287.96 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ